**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1556** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റപ്പാലം നഗരസഭാ ജിംനേഷ്യം നിർമ്മാണ പുരോഗതിയും കരാർ നടപടികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായിക വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം നഗരസഭയിൽ നിർമ്മാണ പ്രവൃത്തി നടത്തിവരുന്ന ഒറ്റപ്പാലം ജിംനേഷ്യം നിലവിൽ ഏത് ഘട്ടത്തിലാണുള്ളത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ ഇന്റീരിയർ പ്രവൃത്തികൾക്കായി 12.02.2022 തീയതിയിലെ കായിക വകുപ്പ് ഡയറക്ടർ 49.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 17.05.2022 തീയതിയിൽ M/s.സ്റ്റേറ്റ് അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ പുരോഗതി ഇല്ലാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തിക്ക് റീ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. M/s.ജി.എസ് എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനമാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** നിലവിലുള്ള കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**